SJD/2732/2023-D3

)5347/2023

# വിവരാവകാശം/മറുപടി

Break the chain

15 YEARS OF CELEBRATING THE MAHATMA

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :13-07-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം.

Sri A Shanmugham
Kusumam
TC 20/2655(1)
Sasi Arts Bldg
Karamana PO
Trivandrum- 695002

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷയിന്മേൽ മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1. വിവരാവകാശ നിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷ

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് താങ്കൾ സമർപ്പിച്ച അപേക്ഷയിന്മേൽ ഈ കാര്യാലയത്തിൽ നിന്നുള്ള മറുപടി താഴെ ചേർക്കുന്നു.

20/06/2023 ന് ചേർന്നിട്ടുള്ള സ്റ്റേറ്റ് അഡ്വൈസറി ബോർഡ് യോഗത്തിന്റെ അജണ്ടയും യോഗ തീരുമാനങ്ങളും ഉൾപ്പെടുന്ന മിനുട്സിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല. RPwD Act 2016, പ്രകാരം സാമൂഹ്യനീതി ഡയറക്ടർ പ്രസ്തുത കമ്മിറ്റിയിൽ അംഗമല്ല. പ്രത്യേക ക്ഷണിതാവായാണ് പങ്കെടുക്കുന്നത്. യോഗത്തിന്റെ അജണ്ടയും മിനുട്സും തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത് സർക്കാരിൽ നിന്നുമാണ്. ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഈ കാര്യാലയത്തിൽ നിന്നും നൽകുന്നതിന് നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു. അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിന് താങ്കൾക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി വകുപ്പ്, ഗവ സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അപേക്ഷിക്കാവുന്നതാണ്.

മുകളിൽ കാണിച്ച മറുപടിയിൽ താങ്കൾ തൃപ്തനല്ലാത്ത പക്ഷം താങ്കൾക്ക് ഈ കാര്യാലയത്തിലെ അപ്പീൽ അധികാരി മുമ്പാകെ 30 ദിവസത്തിനകം താഴെ

കാണിച്ചിരിക്കുന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ നൽകാവുന്നതാണ്.

ശ്രീ സുഭാഷ് കുമാർ കെ വി
ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി (വിവരാവകാശം)
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ- അഞ്ചാം നില
തിരുവനന്തപുരം - 33

വിശ്വസ്തതയോടെ,

ബിന്ദു യു എസ്
ജൂനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം